بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 04.09.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**04.09.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

**അല്ലാഹുവിനോട് നന്ദി കാണിക്കുന്ന ശീലമുണ്ടാകുമ്പോൾ അവൻ അവർക്ക് കൂടുതൽ അനുഗ്രഹം നല്കുന്നു. ആ അനുഗ്രഹങ്ങൾ കണ്ടുകൊണ്ട് ഒരു യഥാർത്ഥ മുഅ്മിൻ വീണ്ടും ത്യാഗത്തിന് സന്നദ്ധനാകുന്നു. എന്നല്ല, ത്യാഗങ്ങൾ ചെയ്യുന്നു. ഇന്ന് ഇക്കാലത്ത് ഈ വിഷയം യഥാർത്ഥത്തിൽ ഗ്രഹിക്കുന്നത് അഹ്മദികളായ നമ്മളാണ്. നമ്മുടെ മുമ്പിൽ നബി(സ) തിരുമേനിയുടെ കാലഘട്ടമുണ്ട്. അവിടത്തെ സത്യസന്ധനായ ദാസന്റെ കാലഘട്ടവുമുണ്ട്. ജീവിതമാതൃകയുമുണ്ട്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ആരിലെങ്കിലും യഥാർത്ഥ തഖ്‌വ അഥവാ ദൈവഭക്തിയുണ്ടായാൽ അവന് ലോകം മുഴുവനുമുള്ള അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് ഒരു ഭൗതികചിന്തകനോട് പറഞ്ഞാൽ തീർച്ചയായും അത് നിരർത്ഥകമായ കാര്യമാണെന്നും മതത്തിന്റെ പേരിൽ തങ്ങളുടെ ചുറ്റും ജനങ്ങളെ സംഘടിപ്പിക്കുന്നതിനുവേണ്ടി ആളുകൾ ഇങ്ങനെ പറഞ്ഞുപരത്തുന്നതാണെന്നും അയാൾ പറയുന്നതാണ്! അതെ! ഇതും ശരിതന്നെയാണ്. ഇക്കാലത്ത് മതത്തിന്റെ പേരിൽ ചിലയാളുകൾ അത്തരം കാര്യങ്ങൾ പറയാറുണ്ട്. അവരുടെ സ്വാർത്ഥ താല്പര്യത്തിനായാണ് അങ്ങനെ പറയുന്നത്. പക്ഷേ, അവരിലും അവരുടെ പിന്നാലെ നടക്കുന്നവരിലും തഖ്‌വ അഥവാ ദൈവഭക്തി ഉണ്ടാവുകയില്ല. ഇതിനെതിരിൽ നബിമാരും അവരുടെ ജമാഅത്തുകളും ഭക്തിയെകുറിച്ച് യഥാർത്ഥ അറിവുള്ളവരാണെന്ന് നമ്മൾ കാണുന്നു. അവർ ഈ ലോകത്ത് താമസിച്ചുകൊണ്ട് ലൗകിക ജോലികൾ ചെയ്യുന്നതോടൊപ്പം തഖ്‌വ അന്വേഷിക്കുകയും തഖ്‌വയിലൂടെ നടക്കുകയും ചെയ്യുന്നു. എനിക്ക് നൂറുക്കണക്കിന് കത്തുകൾ വരുന്നുണ്ട്. അവയിൽ അല്ലാഹു തങ്ങളിലും തങ്ങളുടെ മക്കളിലും തഖ്‌വ ഉണ്ടാക്കുമാറാകട്ടെ എന്ന കാര്യം പ്രകടിപ്പിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതുകൊണ്ടും ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റണമെന്നുള്ള ബോധമുള്ളതുകൊണ്ടുമാണ് ഈ മാറ്റം ഉണ്ടായിട്ടുള്ളത്. ഈ ആഗ്രഹവും അല്ലാഹുവമായിട്ടുള്ള ബന്ധവും അവനോടുള്ള ഭയവും അവരെ ലൗകികവസ്തുക്കളിൽനിന്ന് വിരക്തരാക്കി. പക്ഷേ, ലൗകികാനുഗ്രഹങ്ങൾ അവർക്ക് തടയപ്പെട്ടില്ല. അല്ലാഹു പ്രവാചകന്മാർക്കും ഭൗതികാനുഗ്രഹങ്ങൾ നല്കാറുണ്ട്. അവരെ യഥാർത്ഥമായി വിശ്വസിക്കുന്നവർക്കും അവരുടെ അധ്യാപനങ്ങളനുസരിച്ച് നടക്കുന്നവർക്കും ഈ ഭൗതികാനുഗ്രഹങ്ങൾ നല്കുന്നു. ചില ഘട്ടങ്ങളിൽ ചില താൽക്കാലികമായ ഞെരുക്കങ്ങൾ അവർക്കുണ്ടായേക്കാം. എന്നാൽ, പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹം അവരിലുണ്ടാകുന്നു. അവരുടെ അവസ്ഥകൾ മെച്ചപ്പെടുന്നു. ഇപ്രകാരംതന്നെ ഉള്ളതിൽ തൃപ്തിപ്പെടാനുള്ള മാനസികാവസ്ഥയാണ് മുത്തഖിയായ മനുഷ്യനിലുണ്ടാകുന്നത്. ഇക്കാരണത്താൽ നിസ്സാരമായ ബുദ്ധിമുട്ടുകളെ അവർ സഹിക്കുകയും ചെയ്യുന്നു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുമ്പോൾ അവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ അവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതിനുശേഷം അല്ലാഹു മുത്തഖിയായ മനുഷ്യന് നല്കുന്നത് അല്പമാണെങ്കിലും അവനോടു നന്ദി കാണിക്കുന്ന ശീലം അവരിലുണ്ടാകുന്നു. അല്ലാഹുവിനോട് നന്ദി കാണിക്കുന്ന ശീലമുണ്ടാകുമ്പോൾ അവൻ അവർക്ക് കൂടുതൽ അനുഗ്രഹം നല്കുന്നു. ആ അനുഗ്രഹങ്ങൾ കണ്ടുകൊണ്ട് ഒരു യഥാർത്ഥ മുഅ്മിൻ വീണ്ടും ത്യാഗത്തിന് സന്നദ്ധനാകുന്നു. എന്നല്ല, ത്യാഗങ്ങൾ ചെയ്യുന്നു. ഇന്ന് ഇക്കാലത്ത് ഈ വിഷയം യഥാർത്ഥത്തിൽ ഗ്രഹിക്കുന്നത് അഹ്മദികളായ നമ്മളാണ്. നമ്മുടെ മുമ്പിൽ നബി(സ) തിരുമേനിയുടെ കാലഘട്ടമുണ്ട്. അവിടത്തെ സത്യസന്ധനായ ദാസന്റെ കാലഘട്ടവുമുണ്ട്. ജീവിതമാതൃകയുമുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: 'നോക്കൂ! നബി(സ)തിരുമേനിയിൽനിന്ന് ആളുകൾ സർവ്വവും തട്ടിപ്പറിച്ചെടുത്തിരുന്നു. ഇപ്രകാരംതന്നെ സഹാബാക്കളിൽനിന്നും (രിള്‌വാനുല്ലാഹി അലയ്ഹിം) സർവ്വവും കൊള്ളയടിച്ചെടുത്തിരുന്നു. എന്നാൽ, അല്ലാഹുവിന്നെതിരിൽ അവർ അതൊന്നും കാര്യമാക്കിയില്ല. അവസാനം അവർക്ക് അല്ലാഹു സർവ്വവും നല്കി. ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അല്ലാഹുവിനുവേണ്ടി സർവ്വവും ഉപേക്ഷിച്ചു. കുടുംബസ്വത്തിന്റെ പകുതിക്കർഹനായിരുന്നിട്ടും അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ ഭാര്യ– പിന്നീട് ഇവർക്ക് അഹ്മദിയാകാൻ ഭാഗ്യം കിട്ടി– മനസ്സിലാക്കിയിരുന്നത് വേലചെയ്യാതെ അന്യനെക്കൊണ്ടു ജീവിക്കുന്നവൻ എന്നായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരുപാട് വിഷമങ്ങൾ ഉണ്ടായിരുന്നു. എന്നിട്ടും അല്ലാഹു അദ്ദേഹത്തിന് എല്ലാം നല്കി. ഈ അവസ്ഥ അദ്ദേഹം തന്റെ ഒരു കവിതയിൽ ഇങ്ങനെ കോറിയിട്ടിരിക്കുന്നു.

*ലുഫളാത്തിൽമവാഇദി കാന ഉകുലീ*

*വ സിർത്തുൽയൗമ മത്ആമുൽ അഹാലീ*

ഒരു കാലമുണ്ടായിരുന്നു. മറ്റുള്ളവർ ഉപേക്ഷിക്കുന്ന റൊട്ടിക്കഷണങ്ങളിലായിരുന്നു എന്റെ ജീവിതം. എന്നാൽ, ഇപ്പോൾ അല്ലാഹു ആയിരക്കണക്കിനാളുകൾ എന്റെ സുപ്രയിൽനിന്ന് ഭക്ഷണം കഴിക്കുംവിധം എനിക്ക് സൗഭാഗ്യം നല്കിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആദ്യകാലവും പിന്നീടുണ്ടായ കാലവും നോക്കിക്കാണുമ്പോൾ അഹ്മദികളായ നമ്മുടെ വിശ്വാസം ഇന്ന് തീർച്ചയായും വർദ്ധിക്കുന്നു. ഈ അവസ്ഥയുടെ കൂടുതൽ രേഖാചിത്രം വരച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനിച്ചപ്പോൾ അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തിന്റെ ജനനത്തിൽ സന്തോഷിച്ചിട്ടുണ്ടാകും. എന്നാൽ, അദ്ദേഹത്തിന് പ്രായംകൂടുകയും അദ്ദേഹത്തിന്റെ ഉള്ളിൽ ലോകത്തോട് വിരക്തിയുണ്ടാകുകയും ചെയ്തപ്പോൾ തന്റെ മകന്റെ അവസ്ഥ കണ്ട് ഇവൻ ഒരു ജോലിക്കും കൊള്ളാത്തവനാണല്ലോ എന്നോർത്ത്

ആശങ്കാകുലനായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം കേൾപ്പിക്കുകയുണ്ടായി: ഒരു സിക്കുകാരൻ അദ്ദേഹത്തോട് പറഞ്ഞതാണിത്. അദ്ദേഹം പറഞ്ഞു: 'ഞാൻ മിർസാ ഗുലാം അഹ്മദിന്റെ അടുക്കൽപോയി. അദ്ദേഹത്തോട് പറഞ്ഞു, 'താങ്കളുടെ പിതാവിന് ജോലിക്കൊന്നും പോകാതിരിക്കുന്ന താങ്കൾ, തന്റെ മൂത്ത സഹോദരന്റെ റൊട്ടിതിന്ന് വളരണമല്ലോ എന്നോർത്ത് വലിയ ആശങ്കയുണ്ട്. തന്റെ ജീവിതത്തിൽ എന്തെങ്കിലും തൊഴിലെടുക്കാൻ പറയണമെന്ന് താങ്കളുടെ പിതാവ് എന്നോട് പറഞ്ഞിരിക്കുന്നു.' താങ്കൾ താങ്കളുടെ പിതാവ് പറയുന്നതെന്തുകൊണ്ട് അനുസരിക്കുന്നില്ല എന്ന് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറുപടി നല്കി: എന്റെ പിതാവ് ആവശ്യമില്ലാതെ വിഷമിക്കുകയാണ്. എന്റെ ഭാവിയെക്കുറിച്ച് എന്തിനാണ് അദ്ദേഹം ചിന്തിക്കുന്നത്? 'ആരുടെ ജോലിയാണോ ഞാൻ ചെയ്യേണ്ടിയിരുന്നത് അത് ഞാൻ ചെയ്തിരിക്കുന്നു.' സിക്കുകാരൻ പറയുന്നു: 'ഞങ്ങൾ തിരിച്ചുവന്നു. മിർസാ ഗുലാം മുർത്തളാ സാഹിബിന്റെ അടുക്കൽവന്ന് എല്ലാ കാര്യങ്ങളും പറഞ്ഞു.' അപ്പോൾ മിർസാ സാഹിബ് പറഞ്ഞു: 'ഇങ്ങനെയാണ് അവൻ പറഞ്ഞതെങ്കിൽ അത് ശരിതന്നെയാണ്. കാരണം അവൻ കളവ് പറയാറില്ല.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരംഭകാലമായിരുന്നു. അവസാനം ആയിരുന്നില്ല. പക്ഷേ, അവിടന്ന് വഫാത്തായ നേരത്ത് താൽക്കാലികമായ അവസാനം നമുക്ക് കാണാൻ കഴിയുന്നുണ്ട്. അദ്ദേഹത്തെ സേവിച്ചുകൊണ്ടിരുന്നവർക്ക് പുറമെ ആയിരക്കണക്കിന് ആളുകൾ അന്ന് ആ മഹാത്മാവിന് ബലിയാകാൻ സന്നദ്ധരായിരുന്നു.

അന്ന് ലങ്കറിൽനിന്ന് നിത്യവും 200-250 ആളുകൾ ഭക്ഷണം കഴിക്കാറുണ്ടായിരുന്നു. ആരംഭകാലത്ത് അദ്ദേഹത്തെ കാണാൻ ആരെങ്കിലും വരികയും തന്റെ ജ്യേഷ്ഠ സഹോദരന്റെ ഭാര്യയുടെ അടുക്കലേക്ക് ഭക്ഷണത്തിന് അവരെ പറഞ്ഞയക്കുകയും ചെയ്താൽ, വേലയൊന്നും ചെയ്യാതെ തിന്നുന്നവനാണെന്ന് പറഞ്ഞ് അവരെ അവർ മടക്കുമായിരുന്നു. അപ്പോൾ തനിക്ക് നല്കപ്പെട്ട ഭക്ഷണം അദ്ദേഹം ആ അതിഥിക്ക് കൊടുക്കുകയും പട്ടിണി കിടക്കുകയും ചെയ്യുമായിരുന്നു. അല്ലെങ്കിൽ അല്പം നിലക്കടല ചവച്ചരച്ച് ദിവസം തള്ളിനീക്കുമായിരുന്നു. അല്ലാഹുവിന്റെ ഖുദ്റത്ത് അഥവാ ശക്തിപ്രഭാവമെന്ന് പറയട്ടെ! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അക്കാലത്ത് നിന്ദാദൃഷ്ടിയോടെ നോക്കിയിരുന്ന ജ്യേഷ്ഠന്റെ ഭാര്യ പിന്നീട് എന്റെ കൈയാൽ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ചുരുക്കം പറഞ്ഞാൽ അല്ലാഹുവിൽനിന്ന് ഏതെങ്കിലും ജോലി തുടങ്ങിയാൽ അതിന്റെ തുടക്കം വലുതായി കാണുകയില്ല. പക്ഷേ, അതിന്റെ അവസാനത്തിൽ ലോകം അത്ഭുതപ്പെട്ടുപോകുന്നു. ഇന്നും നമ്മൾ കാണുന്നു. ഖാദിയാനിലെന്നല്ല, മറിച്ച് ഖാദിയാനുവെളിയിൽ ലോകത്തിലെ ധാരാളം രാഷ്ട്രങ്ങളിൽ അവിടത്തെ ലങ്കർ (ധർമഭോജലശാല) നടന്നുവരുന്നു. അക്കാലത്ത് രണ്ടോ മൂന്നോ തന്തൂറിലായിരിക്കും റൊട്ടി ഉണ്ടാക്കിയിട്ടുണ്ടാവുക. ലങ്കർ നടന്നിട്ടുണ്ടാകുക. ഇന്ന് നമ്മൾ കാണുന്നത് അദ്ദേഹത്തിന്റെ ലങ്കറിൽ റൊട്ടിപ്ലാന്റുകൾ ഘടിപ്പിച്ചിരിക്കുന്നതാണ്. ഖാദിയാനിലും റബ്‌വയിലും ഇവിടെയും ലക്ഷക്കണക്കിന് റൊട്ടികളാണ് ഒരു നേരം ഉണ്ടാക്കുന്നത്.

അതെന്തൊരു കാലമായിരുന്നു! ഒരു അതിഥി വരുമ്പോൾ തന്റെ ഭക്ഷണം അയാൾക്ക് കൊടുത്തിരുന്ന കാലം! സ്വയം പട്ടിണി കിടന്നിരുന്ന കാലം! എന്നാൽ, ഇന്ന് വിവിധ രാജ്യങ്ങളിൽ ആയിരക്കണക്കിനാളുകൾ അദ്ദേഹത്തിന്റെ തീൻമേശയിൽനിന്ന് ഭക്ഷണം കഴിക്കുന്നു. ഇതും അവസാനമല്ല. ഇനി ഈ ലങ്കറുകൾ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വ്യാപിക്കേണ്ടതുണ്ട്. ഇൻശാഅല്ലാഹ് ലക്ഷക്കണക്കിന് കോടിക്കണക്കിനാളുകൾ അദ്ദേഹത്തിന്റെ തീൻമേശയിൽനിന്ന് ഭക്ഷണം കഴിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം ലക്ഷക്കണക്കിന് കോടിക്കണക്കിനാളുകൾ അദ്ദേഹത്തെ വിശ്വസിച്ചതിനുശേഷം തഖ്‌വ അഥവാ ദൈവഭക്തിയിലും വളരേണ്ടതുണ്ട്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരംഭകാല അവസ്ഥകൾ മുന്നിൽവെച്ചുകൊണ്ട്, ഇന്ന് ലങ്കർ നടന്നു വരുന്നത് ആരെങ്കിലും നോക്കുകയാണെങ്കിൽ, അവിടന്ന് സത്യവാനാണെന്നതിന് അതുതന്നെ അടയാളമായിരിക്കും. അത് വളരെ വലിയൊരു അടയാളമാണ്. നമ്മുടെ വിശ്വാസങ്ങളിൽ വർദ്ധനവുണ്ടാകാനും തീർച്ചയായും അത് കാരണമാകും. ഈ എല്ലാ ഏർപ്പാടുകളും നടത്തുന്നതിനുള്ള സാമ്പത്തിക ത്യാഗത്തിന്റെ ആത്മാവ് ജമാഅത്തംഗങ്ങളിൽ ഉണ്ടായിട്ടുള്ളത് നമ്മൾ നോക്കുകയാണെങ്കിൽ അതും ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചേർന്നിരിക്കുന്നതുകൊണ്ട് നമ്മളിലുണ്ടായ തഖ്‌വയുടെ ഫലമാണ്. അല്ലാഹു നമ്മളിൽ ഓരോരുത്തർക്കും യഥാർത്ഥമായ തഖ്‌വ ഉണ്ടാക്കുന്നതിലേക്ക് കൂടുതൽ തൗഫീഖ് നല്കുമാറാകട്ടെ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതത്തിന്റെ വിവിധ വശങ്ങളിലും ചില സംഭവങ്ങളിലും വെളിച്ചം വീശുന്നുണ്ട്. അതിൽനിന്ന് അതിസൂക്ഷ്മമായ കാര്യങ്ങൾ പുറത്തുകൊണ്ടുവരുന്നു. അതും നമ്മുടെ ഈമാനിൽ വർദ്ധനയ്ക്ക് നിമിത്തമായിത്തീരുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള അറിവിലും അഭിവൃദ്ധിയുണ്ടാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭക്ഷണം കഴിക്കുന്ന രീതിയെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഭക്ഷണം കഴിക്കുന്ന രീതിതന്നെ വേറെയായിരുന്നു. ഞാൻ മറ്റാരേയും ഇങ്ങനെ ഭക്ഷണം കഴിക്കുന്നതായി കണ്ടിട്ടില്ല. അവിടന്ന് റൊട്ടിയിൽനിന്ന് ഒരു കഷണം മുറിച്ചെടുക്കും. അതായത് നേർത്ത റൊട്ടി അല്ലെങ്കിൽ ചപ്പാത്തി എന്താണോ കിട്ടിയത് അത്. പിന്നീട് അത് വിരലുകൾകൊണ്ട് ചുരുട്ടുമായിരുന്നു. ഈ വേള സുബ്ഹാനല്ലാഹ് സുബ്ഹാനല്ലാഹ് എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കും. പിന്നീട് കറിയിൽ മുക്കി വായിലിടും. അദ്ദേഹത്തിന്റെ ഈ ശീലംകണ്ട് ആളുകൾ അത്ഭുതപ്പെടുമായിരുന്നു. ചിലയാളുകൾ കരുതിയിരുന്നത് അദ്ദേഹം റൊട്ടിയിൽനിന്ന് ഹലാലായ ഭാഗം തിരഞ്ഞെടുത്തു തിന്നുന്നുവെന്നാണ്! വാസ്തവത്തിൽ ഈ വികാരത്തിന് കാരണം നമ്മൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിന്റെ ദീൻ പരീക്ഷണങ്ങളിൽ പിടച്ചുകൊണ്ടിരിക്കുന്നു എന്നതായിരുന്നു. ഓരോ കഷണം റൊട്ടിയും അവിടത്തെ തൊണ്ടയിൽ കുടുങ്ങുമായിരുന്നു. സുബ്ഹാനല്ലാഹ് സുബ്ഹാനല്ലാഹ് എന്ന് പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ മാപ്പ് ചോദിക്കുന്നതുപോലെതോന്നിയിരുന്നു. നീ ഈ ഭക്ഷണവസ്തു ഞങ്ങളുമായി ഘടിപ്പിച്ചിരിക്കുന്നതുകൊണ്ട് അതായത് ഭക്ഷണം കഴിക്കുക, ഭക്ഷണം മനുഷ്യന് ആവശ്യമാണ് എന്നതുകൊണ്ടാണ് ഞങ്ങൾ അതു കഴിക്കുന്നത്. അല്ലെങ്കിൽ ദീനിന്റെ പരീക്ഷണനേരത്ത് ഞങ്ങൾക്കൊരിക്കലും ഇത് അനുവദനീയമാകുമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അദ്ദേഹത്തിന്റെ ആ ഭക്ഷണം കഴിക്കലും ഒരു മുജാഹദയായി തോന്നുമായിരുന്നു.'

ഇസ്‌ലാമിനും ദീനിന്റെ സഹായത്തിനുംവേണ്ടി ഉയർന്നുകൊണ്ടിരുന്ന നേർമയായതും അനർഘമായതുമായ വികാരങ്ങൾക്കി

ടയിലുള്ള പോരാട്ടമായിരുന്നു ഇത്. പ്രകൃതിനിയമം പൂർത്തിയാക്കുന്നതിനുവേണ്ടി അല്ലാഹുവിൽനിന്ന് സ്ഥാപിക്കപ്പെട്ടിരുന്ന ആ ആവശ്യങ്ങൾക്കിടയിൽ നടന്ന പോരാട്ടമായിരുന്നു ഇത്. അവിടത്തെ ഭക്ഷണം കഴിക്കലും ഒരു നിർബന്ധാവസ്ഥയായിരുന്നു. അദ്ദേഹത്തിന്റെ യഥാർത്ഥ ചിന്ത ദീനിനെ സഹായിക്കുക എന്നതും ഇസ്‌ലാമിന്റെ പുരോഗതിയെ സംബന്ധിച്ചുമായിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മാതൃക നമ്മോട് പറയുന്നത് നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഉപയോഗിക്കുമ്പോൾ അതിന് നന്ദി പറയണമെന്നാണ്. ഒന്ന് അവനെ പ്രകീർത്തിക്കുക. അതിനോടൊപ്പം ദീനിന്റെ അവസ്ഥ കണ്ട് വേദനയനുഭവിക്കുക. ഇപ്രകാരം നമ്മൾ ദീനിന്റെ പ്രചാരണത്തിലും ദീനിന്റെ പ്രബോധനത്തിലും നമ്മുടേതായ പങ്കുവഹിക്കാൻ ശ്രമിക്കണം. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭക്ഷണം കഴിക്കുന്ന രീതിയിൽനിന്ന് തസ്ബീഹ് എന്ന വിഷയത്തിന്റെ കൂടുതൽ വിശദീകരണം വിശുദ്ധഖുർആന്റെ ആയത്തിലെ ഈ ഭാഗത്തുനിന്ന് ലഭിക്കുന്നുണ്ട്. **യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽഅർളി** ഭൂമിയിലേയും ആകാശങ്ങളിലേയും സകല വസ്തുക്കളും അല്ലാഹുവിന് സ്തോത്രം ചെയ്യുന്നു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിൽനിന്ന് ഒരു പോയന്റ് എടുത്തിരിക്കുന്നു. അദ്ദേഹം പറയുന്നു. യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽ അർളി ഭൂമിയിലേയും ആകാശങ്ങളിലേയും സകല വസ്തുക്കളും അല്ലാഹുവിന് സ്തോത്രം ചെയ്യുന്നുവെന്ന് അല്ലാഹു പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം നിങ്ങൾ ആ സ്തോത്രം കേൾക്കുക എന്നാണ്. പറയുന്നു: ഇതിൽനിന്ന് അറിയാൻ കഴിയുന്നത് ആ സ്തോത്രം നമുക്ക് കേൾക്കാൻ കഴിയുമെന്നാണ്. ഒരു കേൾവി താഴ്ന്നപടിയിലുള്ളതാണ്. ഒന്ന് ഉയർന്നപടിയിലുള്ളതാണ്. എന്നാൽ, ഉയർന്നപടിയിലുള്ള ചെവിയും കണ്ണുമുള്ളവർക്കാണ് ഉയർന്നപടിയിലുള്ളത് കേൾക്കാൻ കഴിയുന്നത്. അതുകൊണ്ടാണ് മുഅ്മിനീങ്ങളോട് പറഞ്ഞത് അവർ ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ **ബിസ്മില്ലാഹിർറഹ്മാനിർറഹീം** പറയുക എന്ന്. ഭക്ഷണം കഴിച്ചാൽ **അൽഹംദുലില്ലാഹ്** എന്നും പറയുക. വസ്ത്രം ധരിക്കുക, അല്ലെങ്കിൽ മറ്റെന്തെങ്കിലും ദൃശ്യം കണ്ടാൽ അതനുസരിച്ച് സ്തോത്രം ചെയ്യേണ്ടതാണ്. മുഅ്മിന്റെ സ്തോത്രം ചെയ്യൽ എന്താണ്? അവർ ആ വസ്തുക്കളുടെ സ്തോത്രത്തെ സാക്ഷ്യപ്പെടുത്തുക എന്നതാണത്. അവർ വസ്ത്രം ചെയ്യുന്ന തസ്ബീഹും ഭക്ഷണം ചെയ്യുന്ന തസ്ബീഹും മറ്റു വസ്തുക്കൾ ചെയ്യുന്ന തസ്ബീഹും സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഭക്ഷണം കഴിക്കുമ്പോൾ **ബിസ്മില്ലാഹ്** ചൊല്ലുമ്പോഴും ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ **അൽഹംദുലില്ലാഹ്** പറയുമ്പോഴും വസ്ത്രം ധരിക്കുമ്പോൾ ദുആ ചെയ്യുമ്പോഴും അല്ലാഹുവിനെ സ്മരിക്കുമ്പോഴുമെല്ലാം മനുഷ്യൻ സ്വയമാണ് അതൊക്കെ ചെയ്യുന്നത്. വാസ്തവത്തിൽ ഇതേ തസ്ബീഹാണ് ആ വസ്തുക്കളിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. അവയെ കണ്ടുകൊണ്ട് മനുഷ്യൻ നന്ദി പ്രകടിപ്പിക്കുമ്പോൾ അതേ തസ്ബീഹ് ആ വസ്തുക്കളുടെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എത്ര പേരാണ് ഇതനുസരിച്ച് പ്രവർത്തിക്കുന്നത്? അവർ രാവും പകലും തിന്നുകയും കുടിക്കുകയും ചെയ്യുന്നു. മല കയറി നടക്കുന്നു. നദികൾ കാണുന്നു. സസ്യലതാദികൾ കാണുന്നു. മരങ്ങളും വയലുകളുമെല്ലാം കാണുന്നുണ്ട്. പക്ഷികളുടെ കളകളനാദം കേൾക്കുന്നുണ്ട്. പക്ഷേ, അവരുടെ മനസ്സിൽ എന്തു സ്വാധീനമാണ് അതുണ്ടാക്കുന്നത്. അവരുടെ മനസ്സുകളിലും ഈ വസ്തുക്കൾക്ക് സമാനമായി തസ്ബീഹുണ്ടാകുന്നുണ്ട്. മനുഷ്യൻ ഏതെങ്കിലും കാര്യത്തിന് കാണിക്കുന്ന ഓരോ നന്ദിയും അല്ലെങ്കിൽ അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെ കണ്ടുകൊണ്ട് സുബ്ഹാനല്ലാഹ് ചൊല്ലുമ്പോൾ അതും മനുഷ്യന്റെ തസ്ബീഹാണെങ്കിലും യഥാർത്ഥത്തിൽ ആ വസ്തുക്കളുടെ തസ്ബീഹാണത്! അതിന്റെ പ്രകടനം മനുഷ്യന്റെ വായിലൂടെ പുറത്തുവരുന്നുവെന്ന് മാത്രം. ഈ പോയന്റ് മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. അതിനാൽ ഈ തസ്ബീഹിന്റെ ഈ ശൈലിയേയും നമുക്ക് സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. എന്നല്ല ഇത്തരത്തിലുള്ള തസ്ബീഹ് നമ്മുടെ മാമൂലായിത്തീരുക എന്നുതന്നെയാണ് തഖ്‌വ.

ഇക്കാലഘട്ടത്തിൽ അല്ലാഹു ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തുന്നവരുടെ വായടപ്പിക്കുന്നതിനുവേണ്ടിയും ഇസ്‌ലാമിന്റെ മനോഹാരിത പ്രകടിപ്പിക്കുന്നതിനുവേണ്ടിയും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചിരിക്കുന്നു. ഇതുസംബന്ധമായും ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒരിക്കൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) മസ്ജിദിൽ ഇരിക്കുകയായിരുന്നു. ഒരു ക്രിസ്ത്യാനി വന്നു. അയാൾ പറഞ്ഞു: താങ്കൾ പറയുന്നു വിശുദ്ധഖുർആന്റെ ഭാഷ എല്ലാ ഭാഷകളുടേയും മാതാവാണെന്ന്. വാസ്തവത്തിൽ മാക്സ്മുള്ളർ തുടങ്ങിയ ആളുകൾ എഴുതിയിട്ടുള്ളത് ഭാഷകളുടെ മാതാവായ ഭാഷ ഹ്രസ്വമായിരിക്കുമെന്നാണ്.' ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഭാഷകളുടെ മാതാവായ ഭാഷ ഹ്രസ്വമായിരിക്കുമെന്ന മാക്സ്മുള്ളരുടെ ഈ ഫോർമുല നാം അംഗീകരിക്കുന്നില്ല. എന്നാൽ, ചർച്ച ചുരുക്കുന്നതിനുവേണ്ടി നാം ആ ഫോർമുല അംഗീകരിക്കുന്നു. അറബിഭാഷ ആ നിലവാരം പുലർത്തുന്നുണ്ടോ എന്ന് നോക്കാം. അറബിഭാഷയെ അപേക്ഷിച്ച് ഇംഗ്ലീഷ് ഭാഷയാണ് ഉന്നതക്കിടയിലുള്ളതെന്നും അയാൾ പറഞ്ഞിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ഇംഗ്ലീഷ് അറിയുമായിരുന്നില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തിന്റെ നാവിലൂടെ പുറപ്പെടുവിച്ച വാക്കുകൾകൊണ്ട് ആക്ഷേപകൻ സ്വയം കുടുങ്ങിപ്പോയി. അവിടന്ന് പറഞ്ഞു: 'ശരി, ഇംഗ്ലീഷിൽ 'മേരെ പാനി' എന്നതിന് എന്താണ് പറയുന്നതെന്ന് താങ്കൾ പറയുക?' അയാൾ പറഞ്ഞു: My Water. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, അറബിയിൽ വെറും 'മാഇ' എന്നുപറഞ്ഞാൽതന്നെ 'മേരേ പാനീ' അർത്ഥം കിട്ടുന്നതാണ്. ഇനി താങ്കൾ പറയുക. My Water ആണോ ഹ്രസ്വം അതല്ല 'മാഇ'യോ? അയാൾ നാണംകെട്ടുപോയി. മറുപടി ഇല്ലാതായി. അയാൾ പറഞ്ഞു: 'അപ്പോൾ പിന്നെ അറബിഭാഷതന്നെ ഹ്രസ്വമായി.' ഇതേ അവസ്ഥ തന്നെയാണ് വിശുദ്ധഖുർആന്റേതും. അല്ലാഹു ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് നബിയെ രക്ഷിക്കുമെന്ന് അദ്ദേഹത്തോട് വാഗ്ദാനം ചെയ്യുന്നു. അദ്ദേഹത്തെ ശത്രു വാളുകൊണ്ട് ആക്രമിച്ചപ്പോൾ അവൻ അവന്റെ വാളിനെ ഒടിച്ചുകളഞ്ഞു. ശത്രുവിന്റെ വാൾ ഒടിഞ്ഞുപോയി. ശത്രു ചരിത്രം കൊണ്ടാക്രമിച്ചപ്പോൾ ചരിത്രങ്ങൾ പരിശോധിച്ച് ശത്രുക്കളുടെ ആക്ഷേപങ്ങളെ ഖണ്ഡിക്കുന്ന മുസ്‌ലിംകളെ അല്ലാഹു എഴുന്നേല്പിച്ചുനിറുത്തി. അവർ സ്വയം ശത്രുക്കളുടെ പൂർവികരുടെ ഗ്രന്ഥങ്ങൾ തുറന്നുവെച്ചുകൊണ്ട് പറഞ്ഞു, 'ഇസ്‌ലാമിന്റെമേൽ നിങ്ങൾ നടത്തുന്ന ആക്ഷേപങ്ങൾ നിങ്ങളുടെ സ്വന്തം മതത്തിനെതിരിലും മുമ്പേ പതിഞ്ഞിരുന്നു.' വിശുദ്ധഖുർആനും ഹദീഥുകളുമായി ബന്ധപ്പെട്ട ഭാഗം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)തന്നെ ശരിയാക്കുകയും ചെയ്തു. ഇന്നും ഇസ്‌ലാമിന്റെമേൽ ആളുകൾ ആക്ഷേപം ഉന്നയിക്കുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സാഹിത്യങ്ങളിൽനിന്ന് നമുക്ക് അവരുടെ

വായടപ്പിക്കാൻ കഴിയും. അതുകൊണ്ട് ഇതിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു അവന്റെ മതത്തിനെ സഹായിച്ചുകൊണ്ട് സ്വയം അടയാളങ്ങളും കാണിക്കുന്നു. തെളിവുകളും പറയുന്നു. അറിവുകളോട് താൽപര്യമുള്ള ചിലയാളുകളുണ്ട്. അവരുടെ നെഞ്ചകം കൂടുതൽ തുറക്കുന്നു. എന്നാൽ, അറിവ് കുറഞ്ഞവരായിട്ടും പണ്ഡിതനാകണമെന്നുള്ള വാഞ്ചയും അനാവശ്യമായി കാര്യങ്ങൾ പറഞ്ഞുകൊണ്ടുപോകുകയും ചെയ്യുന്ന ചിലയാളുകളുണ്ട്. അതുകൊണ്ട് ചില ഘട്ടങ്ങളിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നു. എന്നല്ല എതിരാളികൾക്ക് പരിഹസിക്കാനുള്ള അവസരം കിട്ടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അത്തരക്കാർ ഇരുഭാഗത്തും കൂട്ടുകയും കുറക്കുകയുമാണ് ചെയ്യുന്നത്. ഒരു ചിട്ടയോ നിയമമോ ഉണ്ടാവുകയില്ല. വാസ്തവത്തിൽ യഥാർത്ഥ മാർഗം മധ്യമമാർഗം തന്നെയാണ്. മാറ്റങ്ങൾ സ്വീകരിക്കാൻ മനുഷ്യൻ തയ്യാറായിരിക്കേണ്ടതാണ്. പക്ഷേ, മാറ്റമുണ്ടാക്കുക എന്നത് അല്ലാഹുവിന്റെ കൈയിലാണ്. അവൻ ആഗ്രഹിക്കുമ്പോൾ മാറ്റങ്ങൾ ഉണ്ടാകുന്നു. പിന്നീട് ലോകത്തിന് അവന്റെ മാറ്റത്തെ തടഞ്ഞുനിർത്താൻ സാധിക്കുകയില്ല.

ചിലയാളുകളുടെ തെറ്റായ ചിന്താഗതികളെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഒരാൾ ഖാദിയാനിൽ വന്നു. അയാൾ പറഞ്ഞു, മിർസാ സാഹിബിനോട് അല്ലാഹു നീ ഇബ്റാഹിമാണ്. നീ നൂഹാണ്. നീ മൂസയാണ്. നീ ഈസയാണ്. നീ മുഹമ്മദ്(സ)യാണ് എന്നു പറയുന്നുണ്ടെങ്കിൽ എന്നോടും അല്ലാഹു എപ്പോഴും നീ മുഹമ്മദാണ് എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ആളുകൾ അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കാൻ തുടങ്ങി. അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ശബ്ദം ഞാൻ കേൾക്കുന്നു. അവൻ എന്നോട് പറയുന്ന, 'നീ മുഹമ്മദാണെന്ന്. അപ്പോൾ നിങ്ങളുടെ തെളിവുകൾ എന്നെ എന്ത് സ്വാധീനിക്കാനാണ്. ഒരു സ്വാധീനവുമുണ്ടാവുകയില്ല.' ആളുകൾ മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ച് ക്ഷീണിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ അയാളെ കൊണ്ടുപോകുന്നതാണ് നല്ലതെന്ന് അവർക്ക് തോന്നി. അങ്ങനെ അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ കൊണ്ടുവരപ്പെട്ടു. അയാൾ പറഞ്ഞു, അല്ലാഹു എന്നോട് എപ്പോഴും പറയുന്നു നീ മുഹമ്മദാണെന്ന്. അപ്പോൾ അവിടന്ന് പറഞ്ഞു: അവൻ എന്നോട് നീ ഈസയാണെന്ന് പറയുമ്പോൾ ഈസായുടെ ഗുണവിശേഷം എനിക്ക് തന്നു. നീ മൂസയാണെന്ന് പറയുമ്പോൾ മൂസായുടെ അടയാളങ്ങൾ എനിക്ക് തന്നു. താങ്കളെ അല്ലാഹു എപ്പോഴും മുഹമ്മദാണെന്ന് പറയുമ്പോൾ അവൻ താങ്കൾക്ക് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങളും യാഥാർത്ഥ്യങ്ങളും നല്കുന്നുണ്ടോ? അയാൾ പറഞ്ഞു. 'അങ്ങനെയൊന്നുമില്ല.' അപ്പോൾ അവിടന്ന് പറഞ്ഞു: നോക്കൂ, സത്യവാനും അസത്യവാനും തമ്മിലുള്ള വ്യത്യാസമിതാണ്. ആരെങ്കിലും ആരെയെങ്കിലും സത്യമായ നിലയിൽ അതിഥിയാക്കുകയാണെങ്കിൽ അയാൾ അവന് ഭക്ഷണം നല്കുന്നു. എന്നാൽ, ആരെങ്കിലും ആരെയെങ്കിലും പരിഹസിക്കാനാണെങ്കിൽ അവൻ വെറും കാലി പ്ലെയിറ്റായിരിക്കും അതിഥിയുടെ മുമ്പിൽ വെച്ചുകൊടുക്കുക. എന്നല്ല, ഇത് ബിരിയാണ്, ഇത് പായസമാണ് എന്നൊക്കെ അവൻ പറയുകയും ചെയ്യും. അല്ലാഹു ആരേയും പരിഹസിക്കുകയില്ല. ശയ്ത്താനാണ് പരിഹസിക്കുന്നത്.

അക്കൂട്ടർ ചില ഘട്ടങ്ങളിൽ ചില സ്വപ്നങ്ങൾ കാരണത്താൽ തെറ്റുധാരണയിൽ അകപ്പെട്ടുപോകുന്നു. വലിയ വലിയ വാദങ്ങൾ പുറപ്പെടുവിക്കുന്നു. യഥാർത്ഥത്തിൽ അവർ ശയ്ത്വാന്റെ സ്വാധീനവലയത്തിലായിരിക്കും ഉണ്ടാകുക. അല്ലാഹു ആർക്കെങ്കിലും കുറച്ചുകൊടുക്കുമ്പോൾ അതിന്റെ തിളക്കവും കാണിക്കുന്നു. തന്റെ സഹായം പ്രകടിപ്പിക്കുകയും ചെയ്യുന്നു. അടയാളങ്ങൾ വെളിപ്പെടുത്തുന്നു. അല്ലാഹുവിന്റെ പ്രവർത്തനപരമായ സാക്ഷ്യം അവരോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം നമ്മൾ കണ്ടതും ഇതുതന്നെയാണ്. ഇതുതന്നെയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെക്കുറിച്ചുള്ള അവിടത്തെ പ്രവചനത്തിലും പൂർത്തിയായതായി നമ്മൾ കണ്ടത്. അഹ്മദിയ്യാ ഖിലാഫത്തിന്റെ സംസ്ഥാപനത്തെക്കുറിച്ചുള്ള സുവാർത്തയിലും അല്ലാഹുവിന്റെ പ്രവർത്തിപരമായ സാക്ഷ്യത്താൽ അത് പൂർത്തിയായതായി നമ്മൾ കണ്ടു. അല്ലാഹു ഓരോ അഹ്മദിയുടേയും വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും അഭിവൃദ്ധി നല്കുമാറാകട്ടെ. അവർ ഇക്കാര്യം മനസ്സിലാക്കുന്നവരായിത്തീരട്ടെ.

ഖുത്ബയുടെ അവസാനം ഹുദൂർ സാഹിബ് സാദി അമത്തുൽ ബാരി സാഹിബയുടെ ജനാസ നമസ്കാരം വിളംബരം ചെയ്തു. 2015 ആഗസ്ത് 31നും സെപ്തംബർ1നും ഇടയ്ക്കുള്ള രാത്രിയിൽ 87-ാം വയസ്സിൽ അവർ ഇഹലോകവാസം വെടിഞ്ഞു. അമത്തുൽ ബാരി ബീഗം സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രിയും ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകളും ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ ദൗഹിത്രിയുമായിരുന്നു. സയ്യിദ അമത്തുൽ ഹഫീള് സാഹിബയുടേയും നവാബ് അബ്ദുല്ലാഖാൻ സാഹിബിന്റേയും മരുമകളുമായിരുന്നു. അവരുടെ ഭർത്താവ് പരേതനായ അബ്ബാസ് അഹ്മദ് ഖാൻ സാഹിബായിരുന്നു. എന്റെ പിതൃസഹോദരിയുമായിരുന്നു. 1928 ഒക്ടോബർ 17ന് ഖാദിയാനിലാണ് അവർ ജനിച്ചത്. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 04.09.15
Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala